(ബി) റിസ്ക് ഫണ്ട് സ്കീം പ്രകാരം പ്രീമിയം അടയ്ക്കുകയും എന്നാൽ ലോൺ കാലാവധിക്ക് മുമ്പ് ലോൺ എടുത്തയാൾ മരണപ്പെടുകയും ചെയ്താൽ നിശ്ചിത കാലപരിധി കഴിഞ്ഞുവെന്ന കാരണം കൊണ്ട് മാത്രം ആനുകൂല്യം നിക്ഷേധിക്കുമോ ;

(സി) പ്രീമിയം അടച്ചു കഴിഞ്ഞു എന്ന കാരണത്താൽ ഇത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥ പ്രകാരം വായ്പക്കാർ വായ്പ തുകയുടെ 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ പ്രീമിയമായി നൽകേണ്ടതുണ്ട്.

(ബി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 4 (ബി) പ്രകാരം വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പക്കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ചവരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയുണ്ട്. അല്ലാതെ വായ്പക്കാലാവധി കഴിഞ്ഞുവെന്ന കാരണം കൊണ്ട് ആനുകൂല്യം നിഷേധിക്കുന്നില്ല.

(സി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 13 (6) പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഈ നിയമവ്യവസ്ഥ പ്രകാരം അർഹതയുള്ള കേസുകളിൽ നിയമാവലിയിലെ ക്ലാസ് 4 (ബി) യിലെ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് ആനുകൂല്യം നൽകുന്നുണ്ട്.

അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ്

91 (4082) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ബാങ്ക് ലൈസൻസുള്ള അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പാക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടത്തിലിരിക്കുന്ന ബാങ്കുകൾക്ക് റിവൈവൽ പാക്കേജും സർക്കാർ ഓഹരിയും, നബാർഡ് കാർഷിക വായ്പയ്ക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ റിസർവ് ബാങ്കിൽ നിന്നും അർബൻ ബാങ്കുകൾക്ക് ആശ്വാസമായ പലിശയിളവ് വായ്പയും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അർബൻ ബാങ്കുകളുടെ സമഗ്രപുരോഗതിക്കും പ്രൊഫഷണലൈസേഷനും വേണ്ടി ഒരു അപ്പെക്സ് സ്ഥാപനം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൂപ്പർ ഗ്രേഡ് നടപ്പാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കേരള സഹകരണ ചട്ടം അപ്പന്റിക്സ് III ഭേദഗതി ചെയ്യുന്ന വേളയിൽ ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) അർബൻ സഹകരണ ബാങ്കുകൾ റിസർവ് ബാങ്ക് ലൈസൻസോടെ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ ബാങ്കുകളാണ്. സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ പലിശനിരക്കും വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കും, മാർജിനും എല്ലാം അതാതു ബാങ്കുകൾ തന്നെയാണ് തീരുമാനിച്ചുവരുന്നത്. ഇത്തരം ബാങ്കുകൾക്ക് റിവൈവൽ പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണനിയിലില്ല. മൂലധന പര്യാപ്തത നിഷ്കർഷിച്ചിട്ടുള്ള 9 ശതമാനത്തിൽ കുറവായ അർബൻ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 10 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനം അനുവദിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നബാർഡ് കാർഷിക വായ്പയ്ക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ അർബൻ ബാങ്കുകൾക്കായി എന്തെങ്കിലും പദ്ധതി റിസർവ് ബാങ്ക് ആവിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരും റിസർവ് ബാങ്കുമാണ് നടപടി സ്വീകരിക്കേണ്ടത്.

(സി) അർബൻ സഹകരണ ബാങ്കുകളുടെ അപ്പക്സ് സ്ഥാപനം കേരള സംസ്ഥാന സഹകരണ അർബൻ ബാങ്ക് ഫെഡറേഷൻ ക്ലിപ്തം എന്ന് കേരള സഹകരണ ചട്ടം 15-ൽ വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തന ശാക്തീകരണം

92 (4083) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിവേണി സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly